പാഠപുസ്തക വിതരണം

83 (1160) ശ്രീ. എ. കെ. ബാലൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷത്തെ രണ്ടാംഘട്ട പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ടോ ; കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ഈ അദ്ധ്യയന വർഷം പാഠപുസ്തക അച്ചടിയിലുണ്ടായ കാലതാമസവും അതുമൂലം വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങളും കണക്കിലെടുത്ത് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പാഠപുസ്തക അച്ചടിക്കുള്ള അനുമതി വൈകുന്നതു സംബന്ധിച്ച് കെ.ബി.പി.എസ്. അധികൃതർ നൽകിയ കത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഈ അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി വൈകിയതു സംബന്ധിച്ച് നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ് ; ഇനി, അച്ചടി വകുപ്പുകൾ വീഴ്ച വരുത്തിയിതായി റിപ്പോർട്ടിൽ പരാമർശമുണ്ടോ ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇൻഡന്റ് ലഭിച്ച പ്രകാരമുള്ള പാഠപുസ്തകങ്ങൾ പൂർണ്ണമായും വിതരണം ചെയ്ത് കഴിഞ്ഞതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. ഇൻഡന്റ് നൽകുന്നതിൽ ചില സ്കൂളുകൾ വീഴ്ച വരുത്തിയതാണ് കാലതാമസം നേരിടാൻ കാരണം. ഇനിയും പുസ്തകം ആവശ്യമുള്ള സ്കൂളുകൾ 7-12-2015-നകം ഇൻഡന്റ് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇൻഡന്റ് ലഭിക്കുന്ന മുറയ്ക്ക് അത്തരം സ്കൂളുകളിലും പുസ്തകം ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി-ഡി) 5-11-2015-ലെ ഗവൺമെന്റ് ഉത്തരവ് (കൈ)നമ്പർ 281/2015/ പൊ.വി.വ. പ്രകാരം 2016-17 അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾക്ക് ആവശ്യമായിട്ടുള്ള പേപ്പറുകളുടെ പർച്ചേസും അച്ചടിയും വിതരണവും പൂർണ്ണമായും കെ.ബി.പി.എസിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്. 9, 10 ക്ലാസുകളിലേക്ക് മാറ്റമുള്ള പാഠപുസ്തകങ്ങളുടെ സി.ഡി.-കൾ എസ്.സി.ഇ.ആർ.ടി.-യിൽ നിന്നും ലഭ്യമായവ കെ.ബി.പി.എസിനെ ഏൽപ്പിച്ചിട്ടുണ്ട്. 2016-17 അദ്ധ്യയന വർഷത്തെ 7, 8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് ഇടങ്ങിയതായും 2016 ഏപ്രിൽ മാസത്തിൽ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാൻ കഴിയുമെന്നും കെ.ബി.പി.എസ്. ഉറപ്പ് നൽകിയിട്ടുണ്ട്. പ്ലസ് ടു ക്ലാസുകളിലെ പാഠപുസ്തകങ്ങളും സമയബന്ധിതമായി വിതരണം ചെയ്യാൻ എല്ലാ നടപടികളും കൈകൊണ്ടുവരുന്നു.

(ഇ&എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാഠപുസ്തക വിതരണം

84 (1161) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് അദ്ധ്യയന വർഷത്തിൽ അർദ്ധവാർഷിക പരീക്ഷ അടുത്തിട്ടും സ്കൂളുകളിൽ പാഠപുസ്തകമെത്തിയില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ക്ലാസുകളിലേയ്ക്കുള്ള എത്ര പുസ്തകങ്ങൾ വിതരണം ചെയ്തെന്നും എത്ര പുസ്തകം വിതരണം ചെയ്യാനുണ്ടെന്നും വിശദമാക്കാമോ;

(സി) പാഠപുസ്തക വിതരണത്തിൽ വന്ന കാലതാമസത്തിന്റെ ഉത്തരവാദിത്തം ആർക്കാണ്; അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ഡി) ഏതൊക്കെ പ്രസ്സുകളിൽ നിന്ന് എത്ര തുകയ്ക്കാണ് പാഠപുസ്തകം അച്ചടിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ& ബി) 2015-16 അദ്ധ്യയന വർഷത്തെ 1-10 വരെ ക്ലാസുകളിലേക്ക് സ്കൂൾ അധികൃതർ സമർപ്പിച്ച ഇൻഡന്റ് പ്രകാരമുള്ള എല്ലാ പാഠപുസ്തകങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ഏതെങ്കിലും കുട്ടികൾക്ക് പുസ്തകം ലഭ്യമായിട്ടില്ലെങ്കിൽ അതിനുള്ള ഇൻഡന്റ് 7-12-2015-നകം നൽകാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് അവർക്കും പുസ്തകം വിതരണം ചെയ്യുന്നതുമാണ്. ഇൻഡന്റ് ചെയ്തതിൻപ്രകാരം പാഠപുസ്തകങ്ങൾ വിതരണം നടത്തിയതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly